"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി - ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം വരെ സ്പിൽ ഓവർ സാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1209/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/06/2019

പരാമർശം:- 15/05/2019-ലെ സ. ഉ. (സാധാ ) നം 990/19/തസ്വഭവ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം സ്പിൽ ഓവർ ബാധ്യതയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിലെ ഓരോ വിഭാഗത്തിലും, ബജറ്റ് വിഹിതത്തിന് ഉപരിയായി 20 ശതമാനം വരെ സ്പിൽ ഓവർ ബാധ്യത മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്പിൽ ഓവർ ബാധ്യത കൂടുതലായതിനാൽ 20 ശതമാനം എന്ന പരിധി വർദ്ധിപ്പിച്ച് നൽകണമെന്ന് ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ കൂടുതലും വലിയ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ്. ഇത്തരത്തിൽ വലിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ പലപ്പോഴും ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർണ്ണമായി നിർവ്വഹണം നടത്താൻ കഴിയാറില്ല. മാത്രമല്ല കഴിഞ്ഞ രണ്ട് വർഷമായി സ്പിൽ ഓവർ ബാധ്യത പൂർണ്ണമായി ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമമാക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ കാരണങ്ങളാൽ ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറഷനുകളുടെയും സ്പിൽ ഓവർ ബാധ്യത താരതമ്യേന കൂടുതലാണ്. ഈ സാഹചര്യത്തിൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിലെ ഓരോ വിഭാഗത്തിലും ബജറ്റ് വിഹിതത്തിന്റെ പരമാവധി 30 ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തി വാർഷിക പദ്ധതി അന്തിമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവാകുന്നു .

3. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ